രജിസ്റ്റർ നമ്പർ : ..................................................

പേര് : ..................................................

മാർച്ച് 2015

# ഹയർ സെക്കന്ററി ഒന്നാം വർഷം

# മലയാളം (പാർട്ട് 2)

## (ശ്രവണ വൈകല്യമുള്ളവർക്ക്)

**സ്കോർ: 80**
**സമയം: 2.30 മണിക്കൂർ**

---

**പൊതുനിർദ്ദേശങ്ങൾ**

- നിർദ്ദിഷ്ട സമയത്തിന് പുറമേ 15 മിനിട്ട് 'സമാശ്വാസ സമയം' ഉണ്ടായിരിക്കും.
- ചോദ്യങ്ങളോടൊപ്പം നൽകിയിട്ടുള്ള സൂചനകൾ വ്യക്തമായി മനസ്സിലാക്കിയശേഷം മാത്രം ഉത്തരം എഴുതുക.

## A

1. **ബ്രാക്കറ്റിൽനിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. (ഒരു സ്കോർ വീതം)** 4 x 1 = 4

a. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'സന്ദർശനം' എന്ന കവിതയിലെ മുഖ്യ ഭാവം എന്ത് (മാതൃത്വം, പ്രണയം, വിജയം, മരണം)

b. 'വിജയിയായ അഭിമന്യുവിനെപ്പോലെ ആ ബാലൻ നിൽക്കുകയായിരുന്നു' (ലാത്തിയും വെടിയുണ്ടയും - ലളിതാംബിക അന്തർജ്ജനം) ഇവിടെ പരാമർശിക്കുന്ന അഭിമന്യു ഏത് ഇതിഹാസത്തിലെ കഥാപാത്രമാണ്? (രാമായണം, ശാകുന്തളം, ഇലിയഡ്, മഹാഭാരതം)

c. 'കൃഷ്ണഗാഥ' - എന്ന ചെറുശ്ശേരിയുടെ കൃതി ഏതു പ്രസ്ഥാനത്തിൽപ്പെടുന്നു (തുള്ളൽ, ആട്ടക്കഥ, പാട്ട് മണിപ്രവാളം)

d. "അദ്ദേഹം എന്നെ അടുത്തു വിളിച്ച് രണ്ടുകൈയും ഈ തലയിൽവച്ച് അനുഗ്രഹിച്ചു. സരസ്വതി! സാക്ഷാൽ സരസ്വതി തന്നെ..." (ഓർമ്മയുടെ ഞരമ്പ് - കെ.ആർ. മീര.)

നായികയെ അനുഗ്രഹിച്ച മഹാകവി ആര്? (കുമാരനാശാൻ, വള്ളത്തോൾ, ജി. ശങ്കരക്കുറിപ്പ്, പി. കുഞ്ഞിരാമൻ നായർ)

## B

2. **കൂട്ടത്തിൽപ്പെടാത്തതേത്? (ഒരു സ്കോർ വീതം)** 4 x 1 = 4

a. അഭിഭാഷകർ, വിദ്യാർഥികൾ, നിയമപാലകർ, അധ്യാപകർ

b. വൈലോപ്പിള്ളി ശ്രീധരമേനോൻ, ആറ്റൂർ രവിവർമ്മ, ഗീതുമോഹൻദാസ്, കുഞ്ചൻനമ്പ്യാർ

c. ആടുജീവിതം, അഗ്നിസാക്ഷി, രണ്ടാമൂഴം, മാമ്പഴം

d. ചെമ്മണ്ണ്, ചെമ്പട്ട്, ചെഞ്ചീര, ചെമ്പകം

## C

3. ചേരും പടി ചേർക്കുക. 4 x 1 = 4

| | | |
|---|---|---|
| a. എൻ. എ. നസീർ | - | ആരാച്ചാർ |
| b. കെ. ആർ. മീര | - | ഹ്രസ്വസിനിമ |
| c. കേൾക്കുന്നുണ്ടോ | - | അറബിമലയാളം |
| d. മുഹ്‌യിദ്ദീൻ മാല | - | വേരുകൾ നഷ്ടപ്പെടുത്തുന്നവർ |

## D

**4. ശരിയോ തെറ്റോ എന്നെഴുതുക.** 2 x 1 = 2

a. പരാതി റിട്ടൺ ആയി എഴുതിക്കൊടുക്കണമെന്ന് ഇൻസ്പെക്ടർ പറഞ്ഞു.

b. ഖാസി മുഹമ്മദിന്റെ രചനയാണ് മുഹ്‌യുദ്ദീൻ മാല.

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. 2 x 1 = 2

5. അരുതു ചൊല്ലുവാൻ നന്ദി (സന്ദർശനം - ബാലചന്ദ്രൻ ചുള്ളിക്കാട്) നന്ദി പറയുവാൻ ശ്രമിക്കരുതെന്ന് കവി കൂട്ടുകാരിയോട് പറയുന്നത് എന്തുകൊണ്ട്?

6. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക 5 x 3 = 15

“പിള്ളരേ നുള്ളിനാനെന്നങ്ങു ചൊല്ലിട്ടു
പീലികൊണ്ടെന്നെയടിച്ചാളമ്മ” കൃഷ്ണഗാഥ - ചെറുശ്ശേരി

ഈ വരികളിൽ തെളിയുന്ന ഭാവതലം വ്യക്തമാക്കുക.

7. രവീന്ദ്രനാഥ് എന്നു വിളിച്ചാലും രാമൻകുട്ടീന്ന് വിളിച്ചാലും മോൻ എന്റെ മോനല്ലേ
(ഓർമയുടെ ഞരമ്പ് - കെ. ആർ. മീര)
- വൃദ്ധ ഈ വിധം ആശ്വസിക്കാൻ ഇടയായ സാഹചര്യമെന്തായിരുന്നു?

8. ‘മുഹ്‌യുദ്ദീൻ മാല’യുടെ ഭാഷയെക്കുറിച്ച് കുറിപ്പെഴുതുക.

9. ‘ലാത്തിയും വെടിയുണ്ടയും’ എന്ന പാഠഭാഗത്തിൽ സ്വാതന്ത്ര്യസമരചരിത്രവുമായി ബന്ധപ്പെട്ട ഒരു രംഗം കണ്ടെത്തി ഹൃദയസ്പർശിയായ ഭാഷയിൽ അവതരിപ്പിക്കുക.

10. “അരുളുള്ളവനാണു ജീവി”യെ-
ന്നുരുവിട്ടീടുകയീനവാക്ഷരി

(അനുകമ്പാദശകം - ശ്രീനാരായണഗുരു)

അരുൾ - കാരുണ്യം

ഈ വരികളിലെ ദർശനം വ്യക്തമാക്കി കുറിപ്പെഴുതുക.

**അരപ്പുറത്തിൽ ഉത്തരം എഴുതുക.** 5 x 5 = 25

11. “ഒരു കുറ്റിച്ചൂല്
ഒരു നാറത്തേപ്പ് - ഞെണുങ്ങിയ വക്കാർ-
ന്നൊരു കഞ്ഞിപ്പാത്രം
ഒരട്ടി മണ്ണവൾ” (സംക്രമണം - ആറ്റൂർ രവിവർമ്മ)

**സൂചനകൾ**

- പകലന്തിയോളം പണിയെടുക്കുന്നവൾ
- കുടുംബത്തിനായി എല്ലാം സഹിക്കുന്നവൾ
- അർഹിക്കുന്ന ആദരവോ അംഗീകാരമോ ലഭിക്കാത്തവൾ

തന്നിരിക്കുന്ന സൂചനകൾ കൂടി ഉൾപ്പെടുത്തി സ്ത്രീ ജീവിതാവസ്ഥ വിവരിക്കുക.

12. ‘വമ്പെഴും നിന്റെ പുരികക്കൊടിയുടെ
യമ്പുകൊണ്ടു ഞരമ്പുകൾ
കമ്പൊടിഞ്ഞൊരു ശീലക്കുടയുടെ
കമ്പി പോലെ വലിഞ്ഞുപോയ്
കുടവുമായ് പുഴക്കടവിൽ വന്നെന്നെ
തടവിലാക്കിയ പൈങ്കിളീ
ഒടുവിലീയെന്നെ സങ്കടപ്പുഴ

നടുവിലാക്കരുതിക്കളീ'

മുകളിൽ കൊടുത്തിരിക്കുന്ന ചലച്ചിത്ര ഗാനത്തിലെ നാട്ടുമൊഴിഭംഗിയുള്ള പ്രയോഗങ്ങൾ കണ്ടെത്തി എഴുതുക. അത് ഗാനത്തിന്റെ ഭാഗഭംഗിക്ക് വരുത്തുന്ന സവിശേഷതകളും വ്യക്തമാക്കുക.

13. ആശയപരമായി കൂടുതൽ യോജിച്ചവ ചേർത്തെഴുതുക

| | |
|---|---|
| ശസ്ത്രക്രിയ | മലയാളത്തിലെ ഒന്നാമത്തെ ചെറുകഥ |
| മത്സ്യം | വനസഞ്ചാര സാഹസികത |
| വാസനാവികൃതി | ദാമ്പത്യസ്നേഹവും പ്രത്യാശയും |
| വേരുകൾ നഷ്ടപ്പെടുത്തുന്നവർ | മാതൃത്വത്തിന്റെ മഹനീയത |
| ഊഞ്ഞാൽ | ചെറുത്തുനില്പിന്റെ വീരഗാഥ |

14. ശീർഷകം നൽകി വ്യാഖ്യാനിക്കുക



മുകളിൽ കൊടുത്തിരിക്കുന്ന കാടിന്റെ ചിത്രം കണ്ടല്ലോ അതിന് ഉചിതമായ തലക്കെട്ട് നൽകി വ്യാഖ്യാനിക്കുക. (എൻ. എ. നസീറിന്റെ വേരുകൾ നഷ്ടപ്പടുത്തുന്നവർ എന്ന അനുഭവക്കുറിപ്പിനെ ഉപജീവിക്കാവുന്നതാണ്)

15. "വന്നതുപോലെതന്നെ
ഞാൻ തനിയേ പോകയാണ്"

(അനർഘ നിമിഷം - ബഷീർ)

"കൂടിയല്ലാപിറക്കുന്ന നേരത്തും
കൂടിയല്ലാ മരിക്കുന്ന നേരത്തും"

(ജ്ഞാനപ്പാന - പൂന്താനം)

ഈ രചനകളിൽ സമാനമായ ജീവിതദർശനമണോ ആവിഷ്കരിക്കുന്നത്?. പ്രതികരണക്കുറിപ്പ് തയാറാക്കുക.

16. ഒരു പുറത്തിൽ ഉത്തരമെഴുതുക 8 x 3 = 24

അതിജീവനത്തിന്റെ പുതിയകാല ഭാവനയാ 'മത്സ്യം' എന്ന കവിതയിൽ ടി. പി. രാജീവൻ ആവിഷ്കരിക്കുന്നത് - ഈ ആശയത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? കവിത അപഗ്രഥിച്ച് ഉപന്യാസം തയ്യാറാക്കുക.

**സൂചനകൾ**

- മണൽത്തരിയോളം ചെറുതായിരുന്നതിനാൽ കടൽത്തിരയ്ക്ക് മത്സ്യത്തെ കോരിയെടുത്ത് വീശിയെറിയാൻ കഴിഞ്ഞില്ല.
- വലക്കണ്ണികൾക്ക് മത്സ്യത്തോളം ചെറുതാകാൻ കഴിഞ്ഞില്ല.
- ആർക്കും പിടികൊടുക്കാത്തതിനാൽ ഒരു ചന്തയിലും നാണം കെട്ട് കിടക്കേണ്ടി വന്നില്ല.

അല്ലെങ്കിൽ

"ഷെക്സ്പിയറെപ്പോലുള്ള ഒരു അസാമാന്യ പ്രതിഭ സ്ത്രീയായാണ് ജനിച്ചിരുന്നതെങ്കിൽ ഉടുപ്പ് തുന്നിയും പാചകം ചെയ്തും തുണി അലക്കിയും ജന്മം ഒടുക്കുമായിരുന്നു." (വെർജീനിയ വുൾഫ്)

ഈ അഭിപ്രായത്തെ 'ഓർമയുടെ ഞരമ്പ്' എന്ന കഥയിലെ ആസയവുമായി ബന്ധപ്പെടുത്തി വിശകലനക്കുറിപ്പ് തയ്യാറാക്കുക.

**സൂചനകൾ**

- ഇവിടുത്തെയാൾക്ക് (ഭർത്താവിന്) എല്ലാം ഞാൻ അടുക്കിവെയ്ക്കണം, എപ്പഴും അടിച്ചുവാരിയിടണം
- ഇവിടുത്തെ അമ്മയ്ക്ക് എഴുതണതും വായിക്കണതും കണ്ടാൽ കലിയിളകും
- അമ്മ പറയുന്നത് പെണ്ണായാൽ ചോറും കറീം വയ്ക്കണം, പെറണം....

17. "ദാരിദ്ര്യത്തിലും പുലർത്തുന്ന പ്രത്യാശയാണ് 'സൈക്കിൾ മോഷ്ടാക്കൾ' എന്ന സിനിമയുടെ കേന്ദ്ര പ്രമേയം" - ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം ഉപന്യാസരൂപത്തിൽ എഴുതുക.

അല്ലെങ്കിൽ

'കൈപ്പാട്' എന്ന സിനിമ പ്രകൃതിയെയും മനുഷ്യരെയും സംബന്ധിച്ച് എന്തെല്ലാം ആശയധാരണകളാണ് പങ്കിചുന്നത്. സിനിമയിൽ കണ്ട രണ്ടു ദൃശ്യങ്ങൾ സൂചിപ്പിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

18. ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

നമുക്കിവിടെ മഴയില്ലാത്ത കാലമില്ല. മഴക്കാറ് കാണുമ്പോഴൊക്കെ അനുരാഗമുണ്ടാവുകയാണെങ്കിൽ നമുക്ക് മറ്റൊന്നിനും നേരമുണ്ടാകില്ല. ഇതേ മേഘം വള്ളത്തോളിന് നൽകിയത് മറ്റൊരനുഭവമാണ്. 1920 കളിൽ ദേശീയ പ്രസ്ഥാനം കൊടുമ്പിരിക്കൊണ്ട കാലത്ത് അദ്ദേഹത്തിന് അത് നൂൽക്കാനുള്ള പരുത്തിയായാണ് തോന്നിയത്. ഒരു പ്രസ്ഥാനത്തിന്റെ അനുബന്ധമായാണ് അദ്ദേഹം ആ കാഴ്ച കണ്ടത്. ചരിത്രം പലപ്പോഴും നമ്മുടെ കാഴ്ചയെ സ്വാധീനിക്കുന്നു. ഒരേ ലോകത്തെ തൊഴിലാളിക്കും മുതലാളിക്കും വെവ്വേറെ കാണാം. ലോകം സമാധാനത്തിന്റെ പീഠഭൂമിയാണെന്ന് ഒരു സന്യാസിക്ക് തോന്നും. എന്നാൽ ഹിരോഷിമയിലുള്ളവർക്ക് അങ്ങനെ തോന്നണമെന്നില്ല. എല്ലാവരും ഒരേപോലെ കാണാത്തതാണ് കലാകാരൻ തിരഞ്ഞെടുക്കുന്ന സിംബലുകൾ.

a. മഴക്കാറ് കണ്ടപ്പോൾ വള്ളത്തോളിനുണ്ടായ കാവ്യവിചാരം എന്താണ്?

b. ഒരേ ലോകത്തെ തൊഴിലാളിയും മുതലാളിയും വെവ്വേറെ കാണുന്നതെന്തുകൊണ്ട്?

c. കലാകാരൻ തെരഞ്ഞെടുക്കുന്ന സിംബലുകളുടെ പ്രത്യേകതയെന്താണ്?

d. ലോകം സമാധാനത്തിന്റെ പീഠഭൂമിയാണെന്ന് ഹിരോഷിമയിലുള്ളവർക്ക് തോന്നാത്തത് എന്തു കൊണ്ട്?

അല്ലെങ്കിൽ

നോട്ടീസ് തയ്യാറാക്കുക

1. നിങ്ങളുടെ സ്കൂളിൽ ബഷീർ അനുസ്മരണം സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. അതിനാവശ്യമായ ഒരു നോട്ടീസ് തയ്യാറാക്കുക (സ്ഥലം, സമയം, മുഖ്യാതിഥി, തീയതി എന്നിവ ഉൾപ്പെടുത്തണം)

---

## Answer Key

| Qn. No. | Sub Qns | Value points | Score | Total |
|---|---|---|---|---|
| 1 | a | പ്രണയം | 1 | 1 |
| | b | മഹാഭാരതം | 1 | 1 |
| | c | പാട്ട് | 1 | 1 |
| | d | വള്ളത്തോൾ | 1 | 1 |
| 2 | a | വിദ്യാർഥികൾ | 1 | 1 |
| | b | ഗീതു മോഹൻദാസ് | 1 | 1 |
| | c | ചെമ്പകം | 1 | 1 |
| | d | നരകരാത്രി | 1 | 1 |
| 3 | a<br>b<br>c<br>d | എൻ. എ. നസീർ - വേരുകൾ നഷ്ടപ്പെടുത്തുന്നവർ<br>ആരാച്ചാർ - കെ.ആർ.മീര<br>കേൾക്കുന്നുണ്ടോ - ഹ്രസ്വസിനിമ<br>മുഹ്‌യിദ്ദീൻമാല - അറബിമലയാളം | 1<br>1<br>1<br>1 | 1<br>1<br>1<br>1 |
| 4 | a | തെറ്റ് | 1 | 1 |
| | b | ശരി | 1 | 1 |
| 5 | | ആശയം കണ്ടെത്തിയിട്ടുണ്ട് | 2 | 2 |
| 6 | 1 | ആശയം മനസ്സിലാക്കിയിട്ടുണ്ട് | 1 | |
| | 2 | മാതൃവാത്സല്യത്തെക്കുറിച്ചുള്ള ധാരണ | 2 | 3 |
| 7 | 1 | സന്ദർഭം കണ്ടെത്തിയതിന് | 1 | |
| | 2 | ഉചിതമായ ഭാഷയിൽ ആവിഷ്കരിച്ചതിന് | 2 | 3 |
| 8 | | വരികളുടെ ലാളിത്യം കണ്ടെത്തിയിട്ടുണ്ട് | 3 | 3 |
| 9 | 1 | പാഠഭാഗം മനസ്സിലാക്കിയിട്ടുണ്ട് | 1 | |
| | 2 | ഹൃദയ സ്പർശിയായ രംഗം അവതരിപ്പിച്ചതിന് | 2 | 3 |
| 10 | 1 | ആശയം മനസ്സിലാക്കിയതിന് | 2 | |
| | 2 | ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചതിന് | 1 | 3 |
| 11 | 1 | കവിതയുടെ ആശയതലം മനസ്സിലാക്കിയതിന് | 1 | |
| | 2 | സ്ത്രീ അവസ്ഥയുടെ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടിയതിന് | 2 | |
| | 3 | തനിമയാർന്ന നിരീക്ഷണത്തിന് | 2 | 5 |
| 12 | 1 | നാട്ടുമൊഴിഭംഗിയുള്ള വരികൾ കണ്ടെത്തിയതിന് | 1 | |
| | 2 | അപഗ്രഥിച്ചതിന് | 2 | |
| | 3 | ഭംഗിയായി ആവിഷ്കരിച്ചതിന് | 2 | 5 |
| 13 | | ശാത്രക്രിയ - മാതൃത്വത്തിന്റെ മഹനീയത<br>മത്സ്യം - ചെറുത്തുനിൽപ്പിന്റെ വീരഗാഥ<br>വാസനാവികൃതി - മലയാളത്തിലെ ഒന്നാമത്തെ ചെറുകഥ | 1<br>1<br>1 | |
| | | | | |

| Qn. No. | Sub Qns | Value points | Score | Total |
|---|---|---|---|---|
| | | വേരുകൾ നഷ്ടപ്പെടുത്തുന്നവർ - വനസഞ്ചാര സാഹസികത<br>ഊഞ്ഞാലിൽ - ദാമ്പത്യസ്നേഹവും പ്രത്യാശയും | 1<br>1 | 5 |
| 14 | 1 | ചിത്രത്തെ വ്യാഖ്യാനിച്ചതിന് | 3 | |
| | 2 | ഉചിതമായ ആവിഷ്കാരത്തിന് | 2 | 5 |
| 15 | 1 | ജീവിത ദർശനം കണ്ടെത്തിയതിന് | 3 | |
| | 2 | നിരീക്ഷണത്തിലെ മൗലികത | 2 | 5 |
| 16 | a) 1 | കവിതയിലെ ആശയ ഗ്രഹണത്തിന് | 2 | |
| | 2 | അപഗ്രഥിയ്ക്കുവാനുള്ള കഴിവിന് | 3 | |
| | 3 | സ്വന്തം നിരീക്ഷണങ്ങൾ ആവിഷ്കരിച്ചതിന് | 2 | |
| | 4 | ഭാഷാപരമായ മികവ് | 1 | 8 |
| | b) 1 | ആശയ സ്വാംശീകരണത്തിന് | 3 | |
| | 2 | അഭിപ്രായങ്ങൾ യുക്തിസഹമായി അവതരിപ്പിച്ചതിന് | 3 | |
| | 3 | തനിമയുള്ള നിരീക്ഷണങ്ങൾക്ക് | 2 | 8 |
| 17 | a) 1 | പ്രമേയം ഉൾക്കൊണ്ടതിന് | 3 | |
| | 2 | സ്വാഭിപ്രായ സമർത്ഥനത്തിന് | 3 | |
| | 3 | ഉപന്യാസ ഘടനയ്ക്ക് | 2 | 8 |
| | b) 1 | ആശയം ഗ്രഹിച്ചതിന് | 1 | |
| | 2 | സിനിമാസ്വാദനത്തിന് | 2 | |
| | 3 | ദൃശ്യങ്ങൾ സൂചിപ്പിച്ചത് | 3 | |
| | 4 | നിരീക്ഷണങ്ങൾ അവതരിപ്പിച്ചതിന് | 2 | 8 |
| 18 | a) 1 | ആശയം മനസ്സിലാക്കിയതിന് | 2 | |
| | 2 | സാജാത്യവൈജാത്യങ്ങൾ കണ്ടെത്തിയതിന് | 2 | |
| | 3 | ആശയ സ്വാംശീകരണത്തിന് | 3 | |
| | 4 | അപഗ്രഥിച്ച് നിരീക്ഷണം അവതരിപ്പിച്ചതിന് | 2 | 8 |
| | b) 1 | നോട്ടീസിന്റെ ഘടനയ്ക്ക് | 2 | |
| | 2 | ആശയ സ്വാംശീകരണത്തിന് | 3 | |
| | 3 | തനിമയുള്ള ഏകോപനത്തിന് | 2 | |
| | 4 | തനതായ ആവിഷ്കരണത്തിന് | 1 | 8 |